സ്വന്തം കവി

എം. ടി.
വാസുദേവൻ നായർ

1

# സ്വന്തം കവി

**എം. ടി. വാസുദേവൻ നായർ**

രണ്ടാമതായി ഞാൻ പരിചയപ്പെട്ട കവിയാണ് ഇടശ്ശേരി; ആദ്യമായി പരിചയപ്പെട്ട കവി അക്കിത്തവും. സാഹിത്യത്തിന്റെ പടിപ്പുരയ്ക്കടുത്ത് വേലിപ്പടർപ്പിലെ തളിരുകളും പൂക്കളും കണ്ട്, ഇടയ്ക്ക് ആരാധനയോടെയും ഭയപ്പാടോടെയും അകത്തേയ്ക്കറ്റുനോക്കി നിന്ന ഇളംപ്രായത്തിലാണിത് നടന്നത്. എഴുത്തുകാരെ കൃതികളിലൂടെ പരിചയപ്പെടാനാണ് എന്നും ഞാനിഷ്ടപ്പെടുന്നത്. അവസരമുണ്ടാക്കി അടുത്തുചെന്ന് പരിചയപ്പെട്ടുവെന്നു വരുത്തി ചാരിതാർത്ഥ്യം കൊള്ളാൻ എന്തോ വലിയ താല്പര്യമുണ്ടായിരുന്നില്ല, എന്നും. കാരണം പരിചയപ്പെടൽ വിഷമം പിടിച്ച ചടങ്ങാണ്. കത്തുകളിലൂടെ വർഷങ്ങളോളം സംസാരിച്ച ചിലരെ നേരിട്ടു കണ്ടപ്പോൾ, കത്തുകളിലനുഭവപ്പെട്ട സൗഹൃദയത്തിന്റെ ചൂട് അന്തരീക്ഷത്തിൽ കാണാതെ, നിരാശ നിശ്ശബ്ദ മൊതുക്കിനിന്ന അനുഭവം പലപ്പോഴുമുണ്ടായിട്ടുണ്ട്. ഈ വിഷമമൊന്നും കൂടാതെ അടുത്തവരാണ് അക്കിത്തവും ഇടശ്ശേരിയും. അക്കിത്തത്തെ ശരിക്കു പറഞ്ഞാൽ പരിചയപ്പെടലുകളുടെ കണക്കിൽ കൂട്ടാൻ പാടില്ല. അദ്ദേഹം കുടുംബത്തിലെ ഒരംഗത്തെപ്പോലെയായിരുന്നു; ഞാൻ അവരുടെ കുടുംബത്തിലെയും. എന്നും അദ്ദേഹം തൊട്ടടുത്തുണ്ടായിരിന്നുവെന്നർത്ഥം. ഇടശ്ശേരിയെ പരിചയപ്പെട്ടത് കുറേക്കൂടി കഴിഞ്ഞശേഷമാണ്.

ഇടശ്ശേരി, പി.സി. അക്കിത്തം, കടവനാടൻ എന്നിവർ പൊന്നാനി പരിസരത്തിലുണ്ടെന്ന് അറിയാം. അക്കിത്തത്തിൽ നിന്നും, കവിതയിലും സാഹിത്യത്തിലും എന്നേക്കാൾ അന്ന് താല്പര്യമുണ്ടായിരുന്ന ജ്യേഷ്ഠനിൽ നിന്നും അവരെപ്പറ്റി ഞാൻ ധാരാളം കേട്ടിട്ടുണ്ട്. കടവനാടും പരേതനായ ഇ. നാരായണനും ഇടശ്ശേരിയുടെ സാഹിത്യശിഷ്യന്മാരാണ് എന്ന് ഏട്ടൻ പറഞ്ഞപ്പോൾ വിശ്വസിച്ചു. പക്ഷെ അക്കിത്തത്തിന്റെ കവിതകൂടി തിരുത്തി ക്കൊടുക്കും ഇടശ്ശേരി എന്ന് കേട്ടപ്പോൾ സംശയമുണ്ടായി. ഞാൻ കണ്ട ഏറ്റവും വലിയ കവി അക്കിത്തമാണ്. അദ്ദേഹത്തിന്റെ കവിത തിരിത്തണമെങ്കിൽ ഇയാൾ ആരായിരിക്കണം? 'അളാകവലി'യുടെ ആദ്യപതിപ്പിൽപെട്ട ഒരു ദുറാവായ പുസ്തകം കിട്ടി. വായിച്ചു. ഒും. എതിരുപറയാൻ പാടില്ലല്ലോ. കവിത മനസ്സിലാവാഞ്ഞിട്ടാവണം, ഉള്ളിലേയ്ക്ക് ആഴത്തിൽ ഇറങ്ങിച്ചെന്നില്ല. പത്താം ക്ലാസ്സു പരീക്ഷകഴിഞ്ഞ് വീട്ടിലിരിക്കുന്ന മാസങ്ങളിലൊന്നിൽ ഒരു സന്ധ്യയ്ക്ക് തപാലാപ്പീസിൽനിന്ന് ആരോ 'ചൈതന്യം' മാസിക കൊണ്ടുവന്നു. അതിൽ ആദ്യത്തെ പേജിൽ തുടങ്ങുന്ന 'പുത്തൻകവലവും അരിവാളും' വായിച്ചു. പോരാ, വീണ്ടും വീണ്ടും വായിച്ചു. ഇതൊരു പുതിയ അനുഭൂതിയാണ്. ഹൃദയത്തിന്റെ പല കോണുകളിലും പലതും അലിഞ്ഞൊഴുകുന്നു. അവ്യക്തമധുരവും അസാധാരണവുമായ ഒരസ്വാസ്ഥ്യം. കവിത ആസ്വാദകന്റെ ഹൃദയത്തിൽ കയറി ഇരിപ്പുറപ്പിക്കുന്നു. മുനിഞ്ഞ് കത്തുന്ന ചിമ്മിനി വിളക്കിന്റെ വെളിച്ചത്തിൽ സന്ധ്യയ്ക്കിരുന്ന് ആ കവിത വീണ്ടും വായിച്ചപ്പോൾ എനിക്ക് കവിതയെഴുതണമെന്ന് തോന്നി. എഴുതി, ഏതാനും ദിവസങ്ങൾക്കുള്ളിൽ. നോക്കുമ്പോൾ ദുർബ്ബലമായ ഒരനുകരണം മാത്രമാണത്. ഞങ്ങളുടെ താന്നിക്കുന്നിന്റെ മുകളിലെ അയ്യപ്പൻ ഇടശ്ശേരിയുടെ കോമൻ വേഷം മാറി വന്നതാണ്. കടലാസ്സ് ചീന്തിക്കളഞ്ഞു. തകഴി, പൊറ്റക്കാട്ട്, ദേവ്, ബഷീർ പ്രഭൃതികളുടെ നോവലുകൾ, കഥകൾ, ഹാർഡിയിലൂടെയും ഡ്യൂമാസിലൂടെയും കടന്നുചെന്ന് കമ്പംകയറിവരുന്ന ഇംഗ്ലീഷു നോവലുകൾ, വരയിട്ട നോട്ടുപുസ്തകങ്ങളിൽ നിറയെ സൂക്ഷിച്ച ഞാൻ മാത്രം വായനക്കാരനായ സ്വന്തം ചെറുകഥകൾ – ഈ ലോകത്തിലേയ്ക്ക് എനിക്കൊരു കാമുകി കടന്നുവരുന്നു. കവിത. പോയ പുകിലിന് അരുമയോടെ വിതച്ച ആരിയൻ വിത്തിലൊരെണ്ണം അറിയാതെ എന്റെ വരമ്പിനിപ്പുറത്തെ ഒരുക്കാത്ത കൃഷിഭൂമിയിലേയ്ക്കിട്ടത് ഇടശ്ശേരി തന്നെ. ഞാൻ മലയാളത്തിലെ മികച്ച

കവിതകളെല്ലാം തന്നെ ആദരപൂർവ്വം വായിക്കാൻ ശ്രമിച്ചിട്ടുണ്ട്. കവിതയുടെ ഒരാരാധകനാണ് ഞാൻ. എനിയ്ക്ക് ഓർമ്മയിൽ നിന്നെടുത്ത് അനായാസ മായി ചൊല്ലാൻ കഴിയുന്ന കവിതകൾ ഏറ്റവും കൂടുതൽ ഇടശ്ശേരി യുടെയാണ്. എനിയ്ക്ക് ഏറ്റവും ബഹുമാനമുള്ള കവികൾ വേറെ പലരുമുണ്ട്. പക്ഷെ, ഇടശ്ശേരിയാണെന്റെ സ്വന്തം കവി. ഇടശ്ശേരിക്കവിതകളുടെ മുമ്പിൽ അത്ഭുതാദരങ്ങളോടെ ഒരു നിമിഷം നിൽക്കുകയും എന്നിട്ട് കടന്നു ചെല്ലുകയും ആരാധനകഴിഞ്ഞ് തിരിച്ചു പോവുകയുമല്ല ഞാൻ ചെയ്യാറ്. എനിയ്ക്കവകാശപ്പെട്ട മുതലായി ഞാനവ വാരിയെടുത്ത് എന്റെ കലവറയിൽ സൂക്ഷിയ്ക്കുന്നു, ഇടയ്ക്കിടെ പുറത്തെടുത്ത് നോക്കാനും രസിയ്ക്കാനും വേണ്ടി.

ഇടശ്ശേരിയുടെ കവിതകൾ എന്റെ കൂടിയായ ഒരു ഗ്രാമപ്രദേശത്തിന്റെ ജീവൽസ്പന്ദനങ്ങളാണ്. അതിൽ ഇടയ്ക്ക് തലനീട്ടുന്ന മനുഷ്യരും ചെടികളും പൂക്കളുമെല്ലാം എനിക്ക് സുപരിചിതമായ ഒരു പ്രദേശത്തിന്റെ വേർതിരിച്ചറിയാവുന്ന മുഖങ്ങളാണ്. ഞാൻ എഴുതാൻ ആഗ്രഹിച്ച, പക്ഷെ ഒരിയ്ക്കലും എനിക്കെഴുതാൻ സാധിക്കാത്ത, കവിതകളാണ് ഇടശ്ശേരിയുടെ കവിതകൾ എന്നെനിക്ക് തോന്നാറുണ്ട്. അതുകൊണ്ടാണ് ഇടശ്ശേരിയെ സ്വന്തം കവിയെന്ന് ഞാൻ വിളിക്കുന്നത്. ഇത് പക്ഷപാതമാണെങ്കിൽ ക്ഷമിക്കണം. രക്തത്തിന് വെള്ളത്തെക്കാൾ കട്ടിയുണ്ട്.

വ്യക്തിപരമായി അഥവാ ഔപചാരികമായി ഇടശ്ശേരിയെ പരിചയപ്പെട്ടത് എന്നാണെന്ന് ഞാനോർമ്മിയ്ക്കാൻ ശ്രമിച്ചിട്ടില്ല. എവിടെവെച്ചുമാവാം. മൂവാങ്കരക്കുന്നിന്റെ നെറുകയിലെ കലാസമിതി സമ്മേളനത്തിലോ കൃഷ്ണപ്പണിക്കർ വായനശാലയിൽ കൂട്ടുകൃഷിക്കാലത്തൊരിക്കലോ ആവാം. പക്ഷെ അതൊരു പ്രാധാന്യമുള്ള കാര്യമല്ല. ഇടശ്ശേരി എന്നും എനിയ്ക്കൊരപരിചിതനായിരുന്നില്ല. തികച്ചും അടുത്തുകഴിയുമ്പോൾ, ആരാധന നൽകിയ മൂടുപടം അടർന്നുവീണ് വ്യക്തി അനാവരണം ചെയ്യപ്പെടുമ്പോൾ, പലപ്പോഴും വിഗ്രഹത്തിന്റെ ഒടിവുകളും ചതവുകളും കണ്ട് നമുക്ക് അസംതൃപ്തരാകേണ്ടിവരും. അതൊരു സത്യമാണ്. പക്ഷെ ജീവിതത്തിന്റെ കുടുക്കുമസാലകളുടെ മധ്യത്തിൽ കവിയുടെ മൂടുപടമില്ലാതെ കഴിയുന്ന ഈ വെറും മനുഷ്യൻ എന്നെ കവിയേക്കാൾ കൂടുതൽ ആകർഷിയ്ക്കുന്നു. വർഷങ്ങളോളം കണ്ടില്ലെന്ന് വരും. കത്തുകൾ കൈ മാറിയില്ലെന്ന് വരും. എന്നിട്ടൊരിക്കൽ കണ്ടുമുട്ടുമ്പോൾ ഇന്നലെ കണ്ടു പിരിഞ്ഞപോലെയുള്ള അടുപ്പവും സൗഹൃദത്തിന്റെ തീക്ഷ്ണതയും അനുഭവപ്പെട്ട് അകം നിറയുകയും, നേരമ്പോക്കും നാട്ടുപഞ്ചായത്തുമായി ചിരിച്ചുകഴിഞ്ഞ വേളയിൽ പലതും നേടിയെന്ന് ഉള്ളിന്റെ ഉള്ളിലൊരു ബോധത്തോടെ പിരിഞ്ഞു പോരികയും ചെയ്യുക. ആ അനുഭവം എനിക്ക് രണ്ടുപേരെ കണ്ടുമുട്ടുമ്പോഴേ തോന്നിയിട്ടുള്ളൂ. ഒന്ന് വി. ടി. ഭട്ടതിരിപ്പാട്, മറ്റേത് ഇടശ്ശേരി.

'അസുരവിത്ത്' എന്ന നോവൽ മനസ്സിൽ കൊണ്ടുനടക്കുന്ന സമയത്ത് മതം മാറ്റുന്ന പള്ളിയുടെ അകം കാണാൻ പൊന്നാനിയിൽ പോയി. പള്ളിയിൽ കയറി എല്ലാം കണ്ടും. അന്നു രാത്രി ഇടശ്ശേരിയുടെ വീട്ടിലാണ് താമസിച്ചത്. അതിനുശേഷം മൂന്നു വർഷങ്ങൾ കഴിഞ്ഞ് ഈയിടെ ഇടപ്പാളിൽ കവികാഥിക സമ്മേളനത്തിന് ഇടശ്ശേരിയെ കണ്ടപ്പോൾ എനിയ്ക്കു സംശയമായി. ഇടശ്ശേരിയെ ഞാൻ ഇന്നലെ സന്ധ്യയ്ക്കാണോ കണ്ടത്. അതോ മൂന്നു കൊല്ലം മുമ്പോ? കാലത്തെയും ദൂരത്തെയും കീഴടക്കുന്ന യഥാർത്ഥ സൗഹൃദത്തിന്റെ ഒരു പരിവേഷമുണ്ട് ഈ മനുഷ്യനു ചുറ്റും. കൂടല്ലൂരിൽ, എന്റെ വീടിന്റെ പടിഞ്ഞാറുള്ള കുന്നിന്റെ ചെരുവിൽ ഇല്ലപ്പറമ്പിന്റെ പുറത്ത് ഒരു കൂറ്റൻ അലറിമരമുണ്ട്. വഴിത്താര അതിന്റെ ചുവട്ടിലൂടെ നീണ്ടു ചെന്നാണ് താഴേയ്ക്കിറങ്ങുന്നത്. പലപ്പോഴും അതിന്റെ ചുവട്ടിലൂടെ കടന്നു പോകേണ്ടിവരും. നല്ല തണൽ, മുകളിലും താഴെയും പൂക്കൾ. ഒരിക്കൽ ഒരത്ഭുതംപോലെ ഞാൻ കണ്ടെത്തി: ആ പൂമരച്ഛായയുടെ കുളിർമ്മ പുറം മാത്രമല്ല, അകവും കുളിർപ്പിക്കുന്നതാണ്. അകന്നുനില്ക്കുമ്പോഴും ആ ഗ്രാമം

**സ്വന്തം കവി**

എം. ടി.
വാസുദേവൻ നായർ

3

മുഴുവൻ ആ പൂമരച്ഛായയിലൂടെ എന്റെ മനസ്സിൽ ജീവിക്കുന്നു. ഇടശ്ശേരിയും അതുപോലെത്തന്നെ. കാലം ചിതൽ കുത്താത്ത പൂമരങ്ങളാണല്ലോ കവികൾ. തണലും സുഗന്ധവും നൽകുന്ന ഈ തരുച്ഛായകൾ മാത്രമാണല്ലോ വരണ്ട നമ്മുടെ സാമൂഹ്യജീവിതത്തിലെ അപൂർവ്വസൗഭാഗ്യങ്ങൾ.

- ഇതാ ഒരു കവി